**കേരള സർക്കാർ**

നം.ആർ.സി.4/244/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്,
തിരുവനന്തപുരം, തീയതി, 12/03/2018

**<u>പരിപത്രം</u>**

വിഷയം : ഭൂഗർഭ ജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുന്നത് - സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം നിർബന്ധമാക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) 03/11/2017 ന് ചേർന്ന കേരള സംസ്ഥാന ഭൂജല അതോറിറ്റിയുടെ 28-ാമത് യോഗത്തിന്റെ നടപടി കുറിപ്പ് .
2) ഭൂജല വകുപ്പ് ഡയറക്ടറുടെ 07.12.17 ലെ T(4)/2555/2017/DGW നമ്പർ കത്ത്.

ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ അനുമതിയില്ലാതെ, ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചില കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ടി കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകളെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിധിയിൽ കൊണ്ടു വരുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റി സൂചന (1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ, ഭൂഗർഭ ജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള വ്യവസായ യൂണിറ്റുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും **നിലവിൽ അനുവദിച്ചിട്ടുള്ള ലൈസൻസ് പുതുക്കി നൽകുന്നതിന്** സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം (NOC) ഹാജരാക്കേണ്ടതാണ്. ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കിയശേഷമേ കുപ്പി വെള്ള നിർമ്മാണ യൂണിറ്റുകൾക്കുള്ള ലൈസൻസ് പുതുക്കി നല്കുവാൻ പാടുള്ളൂ.

മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, ജലവിഭവ വകുപ്പ്
2. സെക്രട്ടറി, വ്യവസായ വകുപ്പ്
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5. ഭൂജല വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

6. വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
7. സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത് / നഗരസഭാ സെക്രട്ടറിമാർക്കും
   (പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖേന)
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
10. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ